MATHRUBHUMI - 16-09-2025

# വല നിറയെ 'തിരിയാൻ'

## വില കിട്ടാതെ തൊഴിലാളികൾ

**ചെല്ലാനം** ▸ ചെല്ലാനത്ത് രണ്ട് ദിവസമായി 'തിരിയാൻ' ചാകരയാണ്. രുചിയേറുന്ന 'തിരിയാൻ' മത്സ്യം അപൂർവമായാണ് കിട്ടുന്നത്. എന്നാൽ വൻതോതിൽ ഈ മത്സ്യം എത്തിയതോടെ, അതിന് വില കിട്ടാതായി. 200-ഓളം വള്ളങ്ങളാണ് ചെല്ലാനം ഹാർബർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നത്. ഇവയെല്ലാം തിങ്കളാഴ്ച കിട്ടിയത് തിരിയാൻ മത്സ്യം. വല നിറയെ തിരിയാനുമായി വള്ളങ്ങൾ എത്തിയതോടെ വില കുത്തനെ താഴേക്ക് ഇറങ്ങി. അതിരാവിലെ കിലോയ്ക്ക് 40 രൂപ കിട്ടിയതാണ്. മണിക്കൂറുകൾ കഴിഞ്ഞപ്പോൾ വില 20 രൂപയായി താഴ്ന്നു. എന്നിട്ടും തിരിയാനുമായി വള്ളങ്ങൾ വന്നുകൊണ്ടിരുന്നു.



ചെല്ലാനം ഫിഷിങ് ഹാർബറിൽ 'തിരിയാൻ' മത്സ്യം വള്ളങ്ങളിൽനിന്ന് ഇറക്കിയപ്പോൾ

വൻതോതിൽ മത്സ്യം വരുന്നതറിഞ്ഞതോടെ തമിഴ്നാടൻ കമ്പനികളുടെ ഏജന്റുമാർ ലോറികളുമായി ഹാർബറിലേക്ക് എത്തി. തമിഴ്നാട്ടിലെ മീൻതീറ്റ കമ്പനികൾക്കുവേണ്ടിയാണ് ഈ മത്സ്യം കൊണ്ടുപോകുന്നത്. പണ്ട് കടലിൽനിന്ന് സുലഭമായി കിട്ടിയിരുന്ന മീനാണിത്.

പിന്നീട് കാണാതായി. കുറച്ച് ലഭിക്കുന്ന സമയത്ത് നല്ല വില കിട്ടിയിരുന്നു. ഹാർബറിൽ കിലോയ്ക്ക് 20 രൂപയ്ക്ക് വിറ്റ തിരിയാൻ വൈകീട്ട് കൊച്ചിയിലെതന്നെ മാർക്കറ്റുകളിൽ 200 രൂപയ്ക്കാണ് വിറ്റത്. എന്നാൽ നാടൻ മാർക്കറ്റുകളിലേക്ക് മീൻ അധികം പോയില്ല. കമ്പനികളുടെ ഏജന്റുമാർ ടൺ കണക്കിന് മീൻ കൊണ്ടുപോകുകയായിരുന്നു.